**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3980.** **15.12.2014 ൽ മറുപടിയ്ക്ക്.**

<u>പൊതുഗതാഗത സംവിധാനത്തിലെ ബസ്സുകളുടെ വിവരം</u>

| | ചോദ്യം<br>ശ്രീ. കെ.അജിത് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൊതുഗതാഗത സംവിധാനത്തിൽ എത്ര കെ.എസ്.ആർ.ടി.സി ബസുകളും എത്ര സ്വകാര്യ ബസുകളുമാണ് സർവ്വീസ് നടത്തുന്നതെന്നും ഇത് എത്ര ശതമാനം വീതമെന്നും വെളിപ്പെടുത്തുമോ; | (എ) | 01/12/2014 -ലെ കണക്കനുസരിച്ച് പൊതുഗതാഗത സംവിധാനത്തിൽ 320 JnNURM ബസ്സുകൾ ഉൾപ്പെടെ 5923 കെ. എസ്. ആർ. ടി. സി ബസുകളും 14160 സ്വകാര്യ ബസുകളും സർവ്വീസ് നടത്തുന്നുണ്ട്. ആകെയുള്ള ബസ്സുകളുടെ 29.49% കെ.എസ്.ആർ. ടി.സി. ബസ്സുകളും 70.51% സ്വകാര്യ ബസ്സുകളുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര കെ.എസ്.ആർ.ടി.സി ബസുകളാണ് ഉണ്ടായിരുന്നതെന്നും അത് സംസ്ഥാനത്ത് ആകെയുള്ള ബസുകളിൽ എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 212 JnNURM ഉൾപ്പെടെ 5943 കെ. എസ്. ആർ. ടി. സി ബസുകളാണ് ഉണ്ടായിരുന്നത്. ഇത് ആകെയുണ്ടായിരുന്ന ബസ്സുകളുടെ 30.78% ആയിരുന്നു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ ബസ് ടിക്കറ്റിലൂടെ എത്ര ശതമാനമാണ് ലക്ഷ്യമിടുന്നതെന്നും ഇത് ഏതാവശ്യങ്ങളിലേയ്ക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) | 2014 - 15 സാമ്പത്തിക വർഷം ടിക്കറ്റ് വരുമാനമായി 2,201.31 കോടി രൂപ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി തുക ആകെ പ്രതീക്ഷിത വരുമാനത്തിന്റെ 94 ശതമാനമാണ്. കെ.എസ്.ആർ.ടി.സി. യുടെ മൊത്തം വരുമാനവും സ്ഥാപനത്തിന്റെ പ്രവർത്തനചെലവിനാണ് ഉപയോഗിക്കുന്നത്. പ്രവർത്തന ചെലവിൽ ശമ്പളം, വായ്പകളുടെ തിരിച്ചടവ്, പെൻഷൻ, ഇന്ധനം വാങ്ങുന്നതിനു വേണ്ടി വരുന്ന ചെലവ് എന്നിവ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ.